# ഇനി ഞാനുറങ്ങട്ടെ



നിൻമടിയികൾത്തളർന്നിനി ഞാനുറങ്ങട്ടെ!

കൽവിളക്കുകൾ കെട്ടു
കോവിലിൽ, കരിനീല
വിഗ്രഹം മിഴിയട-
ച്ചുറങ്ങി ; തഴുതിട്ട

ഗോപുര നടവാതിൽ
മന്ദമായ്ത്തുറന്നിരുൾ
ക്കാവുകൾ കടന്നു ഞാൻ
ഈവഴി നടക്കുന്നു.

പായലായ് മയങ്ങുന്നു
കല്പടവികൾ വീണു
കാലങ്ങ, ളതിൻ താഴെ
നീണ്ടു നീണ്ടൊഴുകുന്നു

നദി പിന്നെയും ; മണൽ-
പ്പുറപ്പിൽക്കൂടെ മാഞ്ഞ
പദമുദ്രകൾ തേടി
ഞാനലയുന്നു വീണ്ടും.

വെളിച്ചം കടക്കാത്ത
മനസ്സിൻ ശ്രീകോവിൽ വി-
ട്ടിവിടെ, ത്തണുപ്പാർന്ന
രാവിലേകനായ് വന്നു

നില്ക്കുന്നു , നിരാലംബ
മൂഢ വിശ്വാസങ്ങൾ വീ-
ണടിയും വിമൂകമാ-
മീശ്ലവപ്പറമ്പിൽ ഞാൻ.

എൻമിഴി, വിരൽത്തുമ്പാൽ
തഴുകും പ്രകാശമേ!
നിൻമടിയികൾത്തളർ-
ന്നിനി ഞാനുറങ്ങട്ടെ! ■